ടൂറിസം വികസനത്തിന് വകയിരുത്തിയിട്ടുള്ള തുക

260 [1213] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസാമ്പത്തിക വർഷത്തിൽ ടൂറിസം വികസനത്തിന് സംസ്ഥാന സർക്കാർ ആകെ വകയിരുത്തിയിട്ടുള്ള തുക എത്ര; ഓരോ ജില്ലയ്ക്കും വകയിരുത്തിയിട്ടുള്ള തുകയെത്ര എന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിലെ വിവിധ ടൂറിസം മേഖലയ്ക്കുവേണ്ടി വകയിരുത്തിയിട്ടുള്ള തുക മേഖല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപ്പുസാമ്പത്തിക വർഷത്തിൽ ടൂറിസം വികസനത്തിന് സംസ്ഥാന സർക്കാർ 74.25- കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഓരോ ജില്ലയ്ക്കും പ്രത്യേകം പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം

261 [1214] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ ജില്ലയിലും ഒരു പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രം വികസിപ്പിച്ചെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഓരോ ജില്ലയിലും സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) *തിരുവനന്തപുരം :* കോവളത്ത് സമുദ്ര ബീച്ച് പാർക്കിന്റെ വികസനം, ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണം, ആർട്ട് ക്രാഫ്റ്റ് വില്ലേജിന്റെ നിർമ്മാണം, മാലിന്യ നിർമ്മാർജനം, റോഡുകളുടെ നവീകരണം, നടപ്പാതകളുടെ നിർമ്മാണം, സ്ട്രീറ്റ് ലൈറ്റുകളുടെ നിർമ്മാണവും നവീകരണവും, ബീച്ചിന്റെ ശുചീകരണം എന്നീ പദ്ധതികൾക്ക് രൂപം നൽകുകയും നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

കൊല്ലം: അഷ്ടമുടിയിൽ വാക്ക് വേയുടെ നിർമ്മാണത്തിന് വേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ: ആലപ്പുഴ ഹെറിറ്റേജ് ടൗണിന്റെ പുനരുദ്ധാരണത്തിന് വേണ്ടി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കനാലിന്റെ നവീകരണം, ബോട്ട് ടെർമിനലിന്റെ വികസനം, ബീച്ചിന്റെ വികസനം, നടപ്പാതകളുടെ നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികൾക്ക് അംഗീകാരം നൽകുകയും നടപ്പിലാക്കി വരുകയും ചെയ്യുന്നു.

പത്തനംതിട്ട: കോന്നിയിൽ ഇക്കോടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കോട്ടയം: കുമരകത്തിന്റെ സമഗ്രവികസനത്തിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

എറണാകുളം: ഭൂതത്താൻ കെട്ട് ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുന്നതിന് ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.

ഇടുക്കി: മൂന്നാറിന്റെ സമഗ്ര വികസനത്തിന് പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ: തേക്കിൻകാട് മൈതാനത്തിന്റെ വികസനത്തിന് അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

പാലക്കാട്: നെല്ലിയാമ്പതി, പറമ്പിക്കുളം ഇക്കോ-ടൂറിസമായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മലപ്പുറം: നിലമ്പൂർ ഇക്കോ-ടൂറിസം പദ്ധതിക്കും ടൂറിസ്റ്റ് കോംപ്ലക്സിന്റെ നിർമ്മാണത്തിനും അനുവാദം നൽകി പദ്ധതി തുടങ്ങുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.

കോഴിക്കോട്: ബേപ്പൂർ ഒരു പുതിയ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ സെന്ററായി വികസിപ്പിക്കുന്നതിനുള്ള പ്രോജക്ടിന് അംഗീകാരം നൽകി. നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

വയനാട്: മുത്തങ്ങയുടെ വികസനത്തിന് പദ്ധതികൾ തയ്യാറാക്കി. മുത്തങ്ങയിലെ ടൂറിസ്റ്റ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ലഭിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചു വരുന്നു.

കണ്ണൂർ: പൈതൽമലയുടെ വികസനത്തിനുവേണ്ടി ഇക്കോ-ടൂറിസം പദ്ധതിക്കും ടൂറിസ്റ്റ് കോംപ്ലക്സിന്റെ നിർമ്മാണത്തിനും അനുവാദം ലഭിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കാസർഗോഡ്: വലിയപറമ്പ കായൽ ടൂറിസത്തിന്റെ പ്രധാനകേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly